"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണയ ലാബുകളിലേക്ക് ആവശ്യമായ ടെസ്റ്റിംഗ് സാമഗ്രികൾ, പരിശോധന ചെലവുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.953/2023/LSGD തീയതി,തിരുവനന്തപുരം, 02-05-2023

---

പരാമർശം:-
1. 16/11/2022 ന് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നവകേരളം കർമ്മപദ്ധതി 2 ന്റെ സംസ്ഥാനതല അവലോകന യോഗ തീരുമാനം നമ്പർ 1
2. 09/02/2023 ലെ നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ എൻ.കെ.പി/എ1/113/2021 /എച്ച്.കെ.എം നം കത്ത്
3.

**ഉത്തരവ്**

സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്ന സാഹചര്യത്തിൽ പുതിയ ലാബുകൾ കൂടി പ്രവർത്തന സജ്ജമാകുമ്പോൾ സംസ്ഥാനത്ത് 567 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധനാ ഫലം വിലയിരുത്തി ജല ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രാദേശിക ഇടപെടലുകൾ സാധ്യമാക്കണമെന്ന് പരാമർശം 1 പ്രകാരം തീരുമാനിച്ചിരുന്നു. പരിശോധനാ ഫലം ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പ് തുടർ നടപടികൾ സ്വീകരിച്ച് ജലജന്യ രോഗങ്ങൾ പടരുന്നത് ഒഴിവാക്കുവാനും സ്കൂൾ ലാബുകളിൽ പരിശോധന നടത്തി, ഉയർന്ന പരിശോധന ആവശ്യമായി വരുന്ന സാമ്പിളുകൾ ജല അതോറിറ്റിയുടെ ലാബുകളിൽ പരിശോധന നടത്തുന്നതിനായി അയച്ചുകൊടുക്കുവാനും, കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ലാബുകളിലും ഇതിന് സൗകര്യമുണ്ടാകണമെന്നും സ്കൂൾ ജലഗുണ പരിശോധനയുള്ള ലാബിലേക്ക് ആവശ്യമായ ടെസ്റ്റിംഗ് സാമഗ്രികൾ, അധിക പരിശോധന ആവശ്യമെങ്കിൽ കേരള വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിക്കുന്നതിനുള്ള ചെലവുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വഹിക്കുവാനും പരാമർശം (1)ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു.

2) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനാവശ്യമായ ഉത്തരവ് ലഭ്യമാക്കണമെന്ന് നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ പരാമർശം (2) പ്രകാരം അഭ്യർഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിൽ നടപ്പിലാക്കുന്ന ജലഗുണനിലവാര നിർണയ ലാബുകളിലേക്ക് ആവശ്യമായ ടെസ്റ്റിംഗ് സാമഗ്രികളുടേയും, അധിക പരിശോധന ആവശ്യമെങ്കിൽ കേരള വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിക്കുന്നതിനുള്ള ചെലവുകളും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വഹിക്കാൻ അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോർഡിനേറ്റർ , നവകേരളം കർമ്മപദ്ധതി
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
ജലവിഭവ വകുപ്പ്
വിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 02-05-2023 12:16:55
സെക്ഷൻ ഓഫീസർ